## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1145 30.01.2018-ൽ മറുപടിയ്ക്ക്

## കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ മൺസൂൺ കാലത്ത് കിഴക്കൻ മലവെള്ളത്തിലും കടൽ വേലിയേറ്റത്തിലും പി.ഡബ്ല്യു.ഡി യുടെ കീഴിലുള്ള റോഡുകളിൽ വെള്ളം കയറി ദിവസങ്ങളോളം വെള്ളത്തിനടിയിലാകുന്നതുകൊണ്ടും ആഴത്തിൽ ചെളിയുള്ള പ്രദേശമായതു കൊണ്ടും റോഡുകൾ പൂർണ്ണമായി തകരുകയും താഴ്ന്ന് പോകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ സാഹചര്യത്തിൽ കുട്ടനാട് പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകത പരിഗണിച്ച് പ്രത്യേക പ്രദേശമായി പ്രഖ്യാപിച്ച് അധിക തുക അനുവദിച്ചു കൊണ്ട് ആധുനിക രീതിയിലുള്ള റോഡ് അടിയന്തരമായി നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) കുട്ടനാട്ടിലെ ഭൂപ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്ത് റോഡ് നിർമ്മാണത്തിനായി ശാസ്ത്രീയ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന് നാറ്റ്പാക് മുഖേന പഠനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ, അടുത്ത സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി സമർപ്പിയ്ക്കുവാൻ 06.01.2018-ലെ ജി1/113/2016-പൊ.മ.വ. കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശികമായി ജനപ്രതിനിധികളുടെ മുൻകൈ പ്രവർത്തനം ഉറപ്പാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ